DESPATCHED
On 14/12/21

22/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
# പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2599(5)/16/SIC
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No. 7167/SIC-G7/2018

സന്നിഹിത
ശ്രീമതി ശ്രീലത. പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി നസീമ ഷറീഫ്. എം.ഐ.,<br>ഷറീഫ് ഗാർഡൻസ്,<br>നെല്ലിപ്പള്ളി പി.ഒ,<br>പുനലൂർ – 691 331. | അപ്പീൽ ഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പുനലൂർ നഗരസഭ,<br>പുനലൂർ.<br><br>അപ്പീൽ അധികാരി &<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>പുനലൂർ നഗരസഭ, പുനലൂർ, കൊല്ലം.. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

1. ശ്രീമതി നസീമ ഷെരീഫ് എം.ഐ. 25.05.2016 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ AP.No 2599(5)/16/SIC ആയി ഫയലിൽ സ്വീകരിച്ച് 2019 മാർച്ച് മാസം 25-ാം തീയതി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ വിവരാവകാശ അപേക്ഷയ്ക്ക് നിരുത്തരവാദപരമായ മറുപടി നൽകിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ താൽക്കാലിക ശിക്ഷാ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം വിശദീകരണം ആവശ്യപ്പെടുകയുണ്ടായി തുടർന്ന് വിശദീകരണം ലഭ്യമാകുകയും ഉണ്ടായി. പ്രസ്തുത വിശദീകരണം പരിശോധിച്ചതിൽ നിന്നും, അറിവില്ലായ്മയും വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ കൈകാര്യം ചെയ്തതിലുള്ള പരിചയ കുറവുകൊണ്ടുമാണ് ഇത്തരത്തിൽ ഒരു വീഴ്ച ഉണ്ടാകാനിടയായത് എന്നും കമ്മീഷൻ മനസ്സിലാക്കുന്നു.

2. കമ്മീഷൻ ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള വിവരം ലഭ്യമായിട്ടില്ല എന്ന പരാതിയുമായി വീണ്ടും അപ്പീൽഹർജിക്കാരി കമ്മീഷനെ സമീപിക്കുകയുണ്ടായി.

3. തുടർന്ന് കമ്മീഷൻ 14.07.2018 തീയതി ഒരിക്കൽ കൂടി എസ്.പി.ഐ.ഒയെ ടെലഫോൺ മുഖാന്തിരം കേട്ടു പ്രസ്തുത മൊഴിയിലും ടിയാൻ അറിയിക്കുന്നത് 2001, 2002 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിളിച്ച ടെൻഡറുകളുടെ ദർഘാസ് പരസ്യത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല എന്നാണ്. വസ്തുതകൾ പരിശോധിക്കുമ്പോൾ എസ്.പി.ഐ.ഒയുടെ മൊഴി അംഗീകരിക്കാവുന്നതാണ് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മേൽസാഹചര്യത്തിൽ ശിക്ഷാനടപടികളിൽ നിന്നും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയെ ഒഴിവാക്കി കൊണ്ട് ഈ അപ്പീൽ ഹർജിയിൻമേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ച് **ഇന്നേ ദിവസം 2021 നവംബർ മാസം 22 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

gs